സ്തംഭനാവസ്ഥയിലായ ഡ്രെയിനേജ് പദ്ധതികൾ

4 (*436) ശ്രീ. വർക്കല കഹാർ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വാട്ടർ അതോറിറ്റി ആരംഭിച്ച എത്ര ഡ്രെയിനേജ് പദ്ധതികളുടെ പണി സ്തംഭനാവസ്ഥയിലായിട്ടുണ്ട് ;

(ബി) ഏതിന്റെയെല്ലാം പണികളാണ് സ്തംഭനാവസ്ഥയിലായിട്ടുള്ളത് ;

(സി) ഇവയ്ക്കുവേണ്ടി ഇതുവരെ എന്ത് തുക മുടക്കിയിട്ടുണ്ട് ;

(ഡി) ഇവയുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഇ) ഇവയുടെ പണി സ്തംഭനാവസ്ഥയിലാകുന്നതിനുള്ള കാരണമെന്തെന്ന് അറിയിക്കുമോ ;

(എഫ്) ഇവയുടെ പണി എന്നത്തേക്ക് പൂർത്തിയാകും ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) 3 ഡ്രെയിനേജ് പദ്ധതികളുടെ പണി സ്തംഭനാവസ്ഥയിലായിട്ടുണ്ട്.

(ബി) കൊല്ലം, ഗുരുവായൂർ, കോഴിക്കോട് ഡ്രെയിനേജ് പദ്ധതികളുടെ പണി.

(സി) കൊല്ലം സീവറേജ് പദ്ധതി - 437 ലക്ഷം രൂപ.
ഗുരുവായൂർ സീവറേജ് പദ്ധതി - 72.99 ലക്ഷം രൂപ.
കോഴിക്കോട് സീവറേജ് പദ്ധതി - 371.27 ലക്ഷം രൂപ.

(ഡി-എഫ്) കൊല്ലം സീവറേജ് പദ്ധതിക്കാവശ്യമായി വരുന്ന മാലിന്യ ശുദ്ധീകരണശാലയ്ക്കുവേണ്ടിയുള്ള സ്ഥലം ലഭ്യമല്ലാതിരുന്നതുമൂലവും ഫണ്ടിന്റെ അപര്യാപ്തതമൂലവുമാണ് പ്രവർത്തികൾ സ്തംഭനാവസ്ഥയിലായത്. ആവശ്യമായ സ്ഥലവും ഫണ്ടും ലഭിക്കുന്നതനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തുക പ്രകാരം പദ്ധതി 2006-ൽ തീർക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഗുരുവായൂർ സീവറേജ് പദ്ധതിയുടെ പണി 1975-ലാണ് തുടങ്ങിയത്. പദ്ധതി പ്രദേശത്ത് സീവറേജ് പൈപ്പ് ലൈൻ സ്ഥാപിക്കുകയും, പമ്പ് ഹൗസുകൾ, പമ്പിംഗ് മെയിൻ എന്നിവയുടെ പണി 90% പൂർത്തിയാകുകയും ചെയ്തു. എന്നാൽ സ്ഥലവാസികളുടെ പ്രതിഷേധം മൂലം സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി തുടങ്ങുവാൻ സാധിച്ചിട്ടില്ല. 1999-ൽ ഗവൺമെന്റ് തീരുമാനപ്രകാരം പ്ലാന്റിന്റെ പണി തുടങ്ങുവാൻ തീരുമാനിച്ചു. എന്നാൽ മണ്ണു പരിശോധനയിൽ റാഫ്റ്റ് ഫൗണ്ടേഷൻ മാറ്റി പൈൽ ഫൗണ്ടേഷൻ ആക്കണമെന്ന് ആർ. ഇ. സി.

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് അറിയിച്ചതനുസരിച്ച് ഇതിനായി വേണ്ടിവരുന്ന 87.6 ലക്ഷം രൂപ കരാറുകാരന് അധികമായി നൽകേണ്ടതുകൊണ്ട് സർക്കാരിന്റെ അനുമതിക്ക് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. അനുമതി ലഭിച്ച് പണി തുടങ്ങിയാൽ 18 മാസംകൊണ്ട് പൂർത്തിയാക്കാവുന്ന ഈ പദ്ധതി 2005 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

കോഴിക്കോട് സ്വീവറേജ് പദ്ധതിക്കായി ട്രീറ്റ്മെന്റ് പ്ലാന്റിനായി 90 ഏക്കർ സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്തേക്ക് റോഡും നിർമ്മിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് 1973-ൽ ഭരണാനുമതി ലഭിച്ചെങ്കിലും പദ്ധതി നടപ്പിലാക്കാൻ 1980-ലാണ് എൻ.ഐ.സി.-യിൽ നിന്നും ധനസഹായം ലഭിച്ചത്. 1980-ൽ തന്നെ പ്രവൃത്തികൾ തുടങ്ങുകയും ചെയ്തു. ആകെ 120 കിലോമീറ്റർ നീളത്തിൽ 150 മി.മീ. മുതൽ 1000 മി.മീ. വരെ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കുവാനുള്ളതിൽ 17 കി. മീ. നീളത്തിൽ വിവിധ റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുകയും ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി 4 ഏക്കറോളം സ്ഥലം മണ്ണിട്ട് നികത്തി എടുക്കുകയും ചെയ്തിട്ടുണ്ട്. 1986-ൽ പദ്ധതിക്കുള്ള ധനസഹായം നിലച്ചു. പിന്നീട് 1992-ൽ ലോകബാങ്കിന്റെ സഹായത്തോടെ കേരള അർബൻ ഡെവലപ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്താൻ ശ്രമം നടത്തിയെങ്കിലും ലോകബാങ്ക് മേൽപ്പറഞ്ഞ പദ്ധതിക്ക് ധനസഹായം നൽകിയില്ല. കോഴിക്കോട് സ്വീവറേജ് സ്കീം പൂർത്തീകരിക്കുവാൻ ആവശ്യമായ ധനസഹായം ലഭിക്കാത്തതിനാൽ പദ്ധതിയിപ്പോൾ നിശ്ചലാവസ്ഥയിലാണ്. ഇതിന്റെ ബാക്കിയുള്ള പ്രവൃത്തികൾക്കായി ഏതാണ്ട് 140 കോടി രൂപ വേണ്ടിവരുമെന്ന് കരുതുന്നു. ഇതു പൂർണ്ണമായി നടപ്പിലാക്കുന്നതിനായി ഒരു പുതിയ സാങ്കേതിക രൂപരേഖ തയ്യാറാക്കേണ്ടതാണ്. പദ്ധതിയ്ക്കായി ധനസഹായവും ലഭ്യമാക്കേണ്ടതുണ്ട്. ആയതുകൊണ്ട് പദ്ധതിയുടെ ടാർജറ്റ് തീയതി നിശ്ചയിച്ചിട്ടില്ല.

സിൽവോ ഫിഷറീസ് പദ്ധതിയും കണ്ടൽവന സംരക്ഷണവും

5 (*437) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കണ്ടൽവനങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(സി) സിൽവോ ഫിഷറീസ് പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly